padhippura@manorama.co.in
മലയാള മനോരമ
പഠിപ്പുര
16 ലക്കം 49 2017-18 2017 സെപ്റ്റംബർ 27 ബുധൻ KTM

# സെപ്റ്റംബർ 27
# ലോക വിനോദ സഞ്ചാര ദിനം



വര:
സൂരജ് കക്കറയിൽ

# സഞ്ചാരം, അറിവുതേടി

സ്കൂളിൽ നിന്നോ വീട്ടിൽ നിന്നോ ഒക്കെ കൂട്ടുകാർ വിനോദയാത്രയ്ക്ക് പോകാറുണ്ടല്ലോ... പോകുന്ന സ്ഥലങ്ങളെക്കുറിച്ച് കൃത്യമായി വിവരങ്ങൾ മനസ്സിലാക്കി വച്ചാൽ യാത്ര ശരിയായി പ്രയോജനപ്പെടുത്താൻ കഴിയും

തയാറാക്കിയത്: വി.ബി. ബിബിൻ



## തിരുവനന്തപുരം മൃഗശാല

ഇന്ത്യയിലെ തന്നെ പഴക്കം ചെന്ന മൃഗശാലകളിലൊന്ന്. ● 55 ഏക്കർ വിസ്തൃതി ● കടുവ, പുലി, സിഹം, വിവിധയിനം പാമ്പുകൾ ● നേപ്പിയർ മ്യൂസിയത്തിന്റെ ഉപവിഭാഗമായി പ്രവർത്തിക്കുന്നു ● ജീവികൾക്കു പ്രകൃതിദത്തമായ വാസസ്ഥലമാണ് ഒരുക്കിയിരിക്കുന്നത് ● വന്യജീവി വിദ്യാഭ്യാസ കേന്ദ്രവും പ്രവർത്തിക്കുന്നു ● തിരുവനന്തപുരം റെയിൽവേ സ്റ്റേഷനിൽനിന്നും കെഎസ്ആർടിസി സ്റ്റാൻഡിൽനിന്നും നാലു കിലോമീറ്റർ മാത്രം ദൂരം ● പ്രവേശനം രാവിലെ ഒൻപതു മുതൽ 5.15 വരെ ● പ്രവേശന ഫീസ് 25 രൂപ. ● തിങ്കൾ അവധി.● ഫോൺ: 04712316275.

## മംഗളവനം

കൊച്ചി നഗരമധ്യത്തിൽ സ്ഥിതി ചെയ്യുന്ന കണ്ടൽവനം ● ഇപ്പോൾ ഏഴ് ഏക്കറോളം വിസ്തൃതിയുള്ള പക്ഷിസങ്കേതം ● വവ്വാലുകൾ, പക്ഷികൾ, ചിലന്തികൾ, ചിത്രശലഭങ്ങൾ, ഞണ്ടുകൾ എന്നിവയെ കാണാം ● കൊച്ചിയുടെ ഹരിത ശ്വാസകോശം എന്നറിയപ്പെടുന്നു കേരള ഹൈക്കോടതിക്ക് പിന്നിലായി കോടനാട് റിസർച്ചിന്റെ കീഴിൽ സ്ഥിതി ചെയ്യുന്നു ● ബസ്, റെയിൽ യാത്രാമാർഗങ്ങൾ എല്ലാം കൊച്ചിയിൽ ലഭ്യം ● എറണാകുളം ജംക്ഷൻ സ്റ്റേഷനിൽ നിന്ന് മൂന്നു കിലോമീറ്റർ ● പ്രവേശനം രാവിലെ ഒൻപതര മുതൽ വൈകിട്ട് അഞ്ചര വരെ ● ഫോൺ: 0484 2468680 - പ്രവേശനം സൗജന്യം.

## സൈലന്റ്‌വാലി



● നീലഗിരി ബയോസ്ഫിയർ റിസർവിന്റെ കേന്ദ്രഭാഗം ● നീലഗിരി മലമുകളിൽ നിന്നും ഉദ്ഭവിക്കുന്ന കുന്തിപ്പുഴ ഒഴുകുന്നത് ഇവിടെ ● വംശനാശഭീഷണിയുള്ള സിംഹവാലൻ കുരങ്ങുകളെ സംരക്ഷിക്കുന്നു ● വിസ്തീർണം - 89.52 ചതുരശ്ര കിലോമീറ്റർ ● ഡിസംബർ - ഏപ്രിൽ മാസങ്ങളാണ് സന്ദർശനത്തിന് അനുയോജ്യം ● സന്ദർശന സമയം രാവിലെ എട്ടുമുതൽ ഉച്ചയ്ക്ക് ഒന്നുവരെ ● ഫോൺ: 0492 4222056 ● ഇൻഫർമേഷൻ സെന്റർ: 8589895652 ● അഞ്ചുമണിക്കൂർ സഫാരി- മിനി ബസിൽ ഒരാൾക്ക് 400 രൂപ ● ജീപ്പിൽ അഞ്ചുപേർക്ക് 2000 രൂപ.

## തെന്മല

ഇന്ത്യയിലെ ആദ്യത്തെ ആസൂത്രിത പരിസ്ഥിതി വിനോദ സഞ്ചാര കേന്ദ്രം ● ചെന്തുരുണി വന്യജീവി സങ്കേതവുമായി ബന്ധപ്പെട്ടു കിടക്കുന്നു ● കൾചറൽ സോൺ, ലെഷർ സോൺ, അഡ്വഞ്ചർ സോൺ എന്നിങ്ങനെ മൂന്നു വിഭാഗങ്ങൾ ● വന്യമൃഗങ്ങൾ, പക്ഷികൾ, ശലഭങ്ങൾ, വർണമത്സ്യങ്ങൾ, മ്യൂസിക്കൽ ഫൗണ്ടൻ -ആകർഷണം ഒട്ടേറെ. ● ഫോൺ: 04752344800



● കൊല്ലം റെയ്ൽവേ സ്റ്റേഷനിൽ നിന്ന് 66 കിലോമീറ്റർ ● പുനലൂരിൽ നിന്നു ചെങ്കോട്ട വഴി തെന്മലയ്ക്കു ബസ് സർവീസും ഉണ്ട്.

## നിലമ്പൂർ തേക്ക് മ്യൂസിയം

ആദ്യത്തെ തേക്ക് പ്ലാന്റേഷൻ ● 71 ഏക്കർ വ്യാപിച്ചു കിടക്കുന്നു ● ലോകത്തിലെ തന്നെ ഏറ്റവും വലിയ തേക്കുമരങ്ങൾ ● ബ്രിട്ടിഷ് മലബാർ ജില്ലാ കലക്ടർ വി.എച്ച്.കനോലിയുടെ പേരിൽ അറിയപ്പെടുന്നു ● ചാലിയാർ പുഴ കടന്നു തൂക്കുപാലം വഴി എത്താം ● കാലിക്കട്ട് - നിലമ്പൂർ - ഗൂഡല്ലൂർ (സിഎൻജി) റോഡ് വഴി ഇവിടെ എത്താം ● 300ൽ അധികം ചിത്രശലഭങ്ങളും നിശാശലഭങ്ങളും ഇവിടെയുണ്ട്. ● ഫോൺ: 04931 222846 ● പ്രവേശന ഫീസ്: മുതിർന്നവർക്ക്-40 കുട്ടികൾക്ക്-15 ● സന്ദർശന സമയം രാവിലെ പത്തു മുതൽ വൈകിട്ട് നാലര വരെ ● നിലമ്പൂർ റെയിൽവേ സ്റ്റേഷനിൽ നിന്ന് നാലു കിലോമീറ്റർ.

## കേരള കലാമണ്ഡലം



തൃശൂർ ജില്ലയിൽ ചെറുതുരുത്തിയിൽ ● ക്ലാസിക് കലകളെയൊക്കെ പാഠ്യഭാഗത്തിൽ ഉൾപ്പെടുത്തി പഠിപ്പിക്കുന്നു ● എട്ടാം ക്ലാസ് മുതൽ ബിരുദ പഠനം വരെ ഇവിടെയുണ്ട് ● ഷൊർണൂർ റെയിൽവേ സ്റ്റേഷനിൽ നിന്ന് നാലു കിലോമീറ്റർ ദൂരം ● ഫോൺ: 04884262418 ● ശനി, ഞായർ അവധി ● പ്രവേശന ഫീസ്: വിദ്യാർഥികൾക്ക് ഒരു രൂപയും മറ്റുള്ളവർക്കു പത്തു രൂപയും ● 9.30 മുതൽ 12.30 വരെയുള്ള സമയത്ത് എത്തിയാൽ പ്രാക്ടിക്കൽ സെഷൻ കാണാം.

## ഇടുക്കി അണക്കെട്ട്

ഇടുക്കി ആർച്ച് ഡാം, ചെറുതോണി ഡാം, കുളമാവ് ഡാം എന്നവ ചേർന്നതാണ് പദ്ധതി പ്രദേശം ● അവധി ദിനങ്ങളിൽ മാത്രമാണ് പ്രവേശനം ● ആർച്ച് ഡാമും കുറവൻ കുറത്തി മലകളും മല തുരന്നുണ്ടാക്കിയ ഗുഹകളും ● ഏഷ്യയിലെ തന്നെ വലിയ ആർച്ച് ഡാമുകളിലൊന്ന് - ഉയരം 167.68 മീറ്റർ ● തൊടുപുഴയിൽ നിന്ന് 60 കിലോമീറ്റർ ● പ്രവേശന സമയം: രാവിലെ ഒൻപതു മുതൽ വൈകിട്ട് അഞ്ചുവരെ ● ഫോൺ: 8281298788 ● അവധി ദിവസങ്ങളിലും ശനി, ഞായർ ദിവസങ്ങളിലും പ്രവേശനം.

## തേക്കടി (പെരിയാർ ടൈഗർ റിസർവ്)



● കടുവകളുടെ സംരക്ഷണ പ്രദേശം ● ഒട്ടേറെ സസ്യജാലങ്ങളുടെയും ജീവിജാലങ്ങളുടെയും കലവറ ● കടുവ, ആന, കാട്ടുപോത്ത് തുടങ്ങി ധാരാളം വന്യജീവികളും ചിത്രശലഭങ്ങളും ● പ്രധാന ആകർഷണങ്ങൾ - Go Bamboo Rafting (ചങ്ങാടയാത്ര -മുള) - രാവിലെ എട്ടു മുതൽ വൈകിട്ട് അഞ്ചുവരെ - ദിവസം മുഴുവനും ചെലവഴിക്കാം - ആയുധ ധാരിയായ ഒരു ഗാർഡും നാലു ഗൈഡുകളും കൂടെയുണ്ടാവും ● Plantation tours- ഏലം, കുരുമുളക്, കാപ്പി, തേയില തോട്ടങ്ങൾ സന്ദർശിക്കാൻ അവസരം ● ബോട്ടിങ്: രാവിലെ 7.30, 9.30, 11.15, ഉച്ചയ്ക്ക് 1.45, ഉച്ചകഴിഞ്ഞ് 3.30 - 225 രൂപ ഒരാൾക്ക് ● യാത്ര- കുമളിയാണ് തേക്കടിയുടെ പ്രവേശന കവാടം ● കെ.കെ. റോഡ് വഴി കോട്ടയത്തുനിന്നു കുമളിക്ക് 108 കിലോമീറ്റർ ആണ് ദൂരം ● തൊടുപുഴയിൽനിന്ന് 102 കിലോമീറ്റർ ദൂരം ● കുമളിയിൽനിന്നു നാലു കിലോമീറ്റർ ദൂരം ഉണ്ട് തേക്കടിക്ക് ● ഫോൺ: 04869 224571

# കാർട്ടൂണിസ്റ്റ് ശങ്കർ മ്യൂസിയം, കൃഷ്ണപുരം

**15,000** ചതുരശ്ര അടിയിൽ രണ്ടു നിലകളിലായി അഞ്ച് ആർട് ഗ്യാലറികൾ. രണ്ട് ഗ്യാലറികളിൽ കാർട്ടൂണിസ്റ്റ് ശങ്കറിന്റെ പ്രസിദ്ധമായ കാർട്ടൂണുകൾ, പേനകൾ,വസ്ത്രം, അവാർഡുകൾ, കണ്ണട, മേശ, ശങ്കേഴ്സ് കാർട്ടൂൺ വാരികയുടെ പതിപ്പുകൾ, ശങ്കറിന്റെ പാവകളുടെ അപൂർവ ശേഖരം എന്നിവ. രണ്ട് ഗാലറികളിൽ കേരളത്തിലെ മറ്റു പ്രസിദ്ധരായ കാർട്ടൂണിസ്റ്റുകളുടെയും ആർടിസ്റ്റുകളുടെയും വരകൾ കാണാം. അഞ്ചാമത്തെ ഗ്യാലറിയിൽ കുട്ടികൾ വരച്ച ചിത്രങ്ങളുടെ ശേഖരം. ഗ്യാലറിയുടെ പുറത്തു ഭംഗിയേറിയ 15 ശില്പങ്ങളുമുണ്ട്.



കൊല്ലം കൃഷ്ണപുരത്ത് മുക്കട ജംക്ഷനു സമീപമാണ് കെട്ടിടം. ഫീസ് കുട്ടികൾക്ക് രണ്ടു രൂപ, മുതിർന്നവർക്ക് അഞ്ചുരൂപ. തിങ്കൾ അവധി. സമയം രാവിലെ 10മുതൽ അഞ്ച് വരെ. ബുക്കിങ് ആവശ്യമില്ല. എത്ര പേർക്ക് വേണമെങ്കിലും സന്ദർശിക്കാം.

ഫോൺ- 0476 2696600

# പ്ലാനറ്റോറിയം, തിരുവനന്തപുരം

**കേ**രള സംസ്ഥാന ശാസ്ത്രസാങ്കേതിക മ്യൂസിയം ആൻഡ് പ്രിയദർശിനി പ്ലാനറ്റോറിയത്തിന്റെ പ്രധാന ആകർഷണങ്ങൾ ശാസ്ത്ര കളിക്കോപ്പുകൾ ഉള്ള വിനോദ പാർക്ക്, 3D തിയറ്റർ, എനർജി പാർക്ക് തുടങ്ങിയവയാണ്.

മ്യൂസിയം: രാവിലെ പത്തുമുതൽ വൈകിട്ട് അഞ്ചുവരെ

ടിക്കറ്റ്: മുതിർന്നവർക്ക് 25 രൂപ, കുട്ടികൾക്ക് 15 രൂപ

പ്ലാനറ്റോറിയം: രാവിലെ പത്തുമുതൽ വൈകിട്ട് അഞ്ചുവരെ

ടിക്കറ്റ്: മുതിർന്നവർക്ക് 75 രൂപ, കുട്ടികൾക്ക് 40 രൂപ.

6D തിയറ്റർ: പത്തുമുതൽ അഞ്ചുവരെ മുതിർന്നവർക്ക് 30 രൂപ, കുട്ടികൾക്ക് 20 രൂപ.

3D തിയറ്റർ: പത്തുമുതൽ അഞ്ചുവരെ മുതിർന്നവർക്ക് 25 രൂപ, കുട്ടികൾക്ക് 15 രൂപ.

രാത്രി നക്ഷത്ര നിരീക്ഷണം: മുതിർന്നവർക്ക് 20 രൂപ, കുട്ടികൾക്ക് 15 രൂപ.

ടിക്കറ്റ് ഓൺലൈനിൽ ബുക്ക് ചെയ്യാം.



വിലാസം- കേരള സംസ്ഥാന ശാസ്ത്രസാങ്കേതിക മ്യൂസിയം,
പ്രിയദർശിനി പ്ലാനറ്റോറിയം,
വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം-3
ഫോൺ: 0471-2306024, 2306025

## സയൻഷ്യ, കോട്ടയ്ക്കൽ

കണ്ണാടി ഉദ്യാനം, ജലവിസ്മയങ്ങൾ, രസതന്ത്രം, മാജിക് എന്നിങ്ങനെ വൈവിധ്യമേറിയ ശാസ്ത്രവിസ്മയങ്ങൾ അണിനിരത്തിയിരിക്കുന്നു.

കോട്ടയ്ക്കൽ ജിഎംയുപി സ്കൂളിലാണ് 'സയൻഷ്യ-ദ ലേണിങ് പാർക്ക് ഓഫ് സയൻസ്' സജ്ജീകരിച്ചിരിക്കുന്നത്.

യുപി ക്ലാസുകളിലെ കുട്ടികൾക്ക് അനുയോജ്യമാവുന്ന രീതിയിലാണു സയൻഷ്യ തയാറാക്കിയത്.



രാസപരീക്ഷണങ്ങൾ, സ്പ്രിങ് വേൾഡ്, മാഗ്നറ്റിസം, മാജിക്കൽ ഇല്യൂഷൻ, ചലനം, പ്രകാശം എന്നിവ ഉൾക്കൊള്ളുന്ന പരീക്ഷണങ്ങൾ ചെയ്യാൻ അവസരം

ഫോൺ: 9446 352439

## ഗലീലിയോ സയൻസ് സെന്റർ, പെരിന്തൽമണ്ണ

സ്കൂൾ വിദ്യാർഥികൾക്ക് ശാസ്ത്ര പുസ്തകങ്ങളിലെ പരീക്ഷണങ്ങൾ നേരിട്ട് ചെയ്യാനുള്ള അവസരം.

2000 ചതുരശ്ര അടിയിൽ ശാസ്ത്രകൗതുകങ്ങൾ അണിനിരത്തിയിരിക്കുന്നു

പ്ലസ്ടു വരെയുള്ള സിലബസിലെ വിവിധ ശാസ്ത്ര പരീക്ഷണങ്ങൾ ചെയ്യാനുള്ള അവസരം ഒരുക്കുന്ന സെന്ററിന്റെ നടത്തിപ്പ് പെരിന്തൽമണ്ണ നഗരസഭയാണ്.

പരീക്ഷണങ്ങളും ഉപകരണങ്ങളും വിദഗ്ധർ കുട്ടികൾക്കു കാണിച്ചു കൊടുക്കുന്ന പതിവ് രീതിയല്ല ഇവിടെയുള്ളത്. അവർക്ക് എല്ലാം സ്വയം ചെയ്യാം, അനുഭവിക്കാം. സഹായിക്കാനായി ശാസ്ത്ര അധ്യാപകരുടെ ഒരു സംഘം എപ്പോഴുമുണ്ടാവും. റസിഡൻഷ്യൽ ക്യാംപുകൾ സംഘടിപ്പിക്കാനുള്ള അവസരവുമുണ്ട്.

പ്രവർത്തനം അവധി ദിവസങ്ങളിൽ മാത്രം. സമയം രാവിലെ 10 മുതൽ വൈകിട്ട് 4 വരെ.

പ്രവേശനം സൗജന്യം

ഫോൺ: 9447 645953

## സയൻസ് പാർക്ക്, കണ്ണൂർ

കുട്ടികളിൽ ശാസ്ത്രാവബോധം വളർത്താനായി കണ്ണൂർ ജില്ലാ പഞ്ചായത്ത് 2002ൽ ആരംഭിച്ചതാണ് സയൻസ് പാർക്ക്. വിദ്യാർഥികൾക്കായി വിവിധ ശാസ്ത്ര പരീക്ഷണങ്ങളും ഉപകരണങ്ങളും ഇവിടെ ഒരുക്കിയിട്ടുണ്ട്. ഒപ്പം സൗരയൂഥത്തെ കുറിച്ചും നക്ഷത്രങ്ങളെ കുറിച്ചും വിശദീകരിക്കുന്ന മിനി പ്ലാനറ്റോറിയവും ഡെമോകളും.



ശാസ്ത്ര വിഷയങ്ങളിൽ സെമിനാർ, വർക്ക്ഷോപ്, വിവിധ മൽസരങ്ങൾ എന്നിവ സംഘടിപ്പിക്കാറുണ്ട്.

പ്രവേശനം രാവിലെ 10 മുതൽ വൈകിട്ട് അഞ്ച് വരെ

ഫോൺ-0497 2766780

## ടെസ്‌ല, തിരുവനന്തപുരം

എട്ട്, ഒൻപത്, പത്ത് ക്ലാസുകളിലെ വിദ്യാർഥികൾക്കായി തയാറാക്കിയ പ്രദർശന, പരീക്ഷണ കേന്ദ്രമാണ് തിരുവനന്തപുരത്തെ ടെസ്‌ല.

രാവിലെ 9.30ന് കുട്ടികളെത്തിയാൽ വൈകിട്ട് 4.30 വരെ ശാസ്ത്രത്തിന്റെ മാന്ത്രികലോകത്തു കളിക്കാം.



പരീക്ഷണശാലയ്ക്കകത്തു മാർഗനിർദേശങ്ങളുടെയും നിയമങ്ങളുടെയും ചട്ടക്കൂടില്ലാതെ കൗതുകം തോന്നുന്നതെന്തും ചെയ്യാം.

ഗണിതശാസ്ത്രം, ഭൗതികശാസ്ത്രം, രസതന്ത്രം വിഷയങ്ങളിലായി ഇരുനൂറോളം പരീക്ഷണങ്ങളും ഉപകരണങ്ങളും.

5000 ചതുരശ്ര അടി വിസ്തീർണമാണ് ടെസ്‌ലയ്ക്ക്. ഒരു ബാച്ചിൽ 60-70 കുട്ടികൾ വരെയാവാം. എല്ലാ ദിവസങ്ങളിലും പ്രവർത്തിക്കും. ഫീസ് ഒരാൾക്ക് 130 രൂപ. സ്കൂളുകൾ മുൻകൂട്ടി ബുക്ക് ചെയ്യണം.

തമ്പാനൂരിൽ നിന്ന് 11 കിലോമീറ്റർ അകലെയുള്ള കരകുളത്തെ കുട്ടപ്പാറ എന്ന സ്ഥലത്താണ് ടെസ്‌ല.

ഫോൺ: 9495 11784.

**യാത്രചെയ്യുക എന്നാൽ സ്ഥലങ്ങൾ കാണുക എന്നാണ്. സ്ഥലങ്ങൾ കാണുക എന്നാൽ ചുറ്റുപാടുകളെ അറിയുക എന്നും. അറിവും ആനന്ദവും നിറച്ചുവച്ച ഏതാനും സ്ഥലങ്ങൾ പരിചയപ്പെടാം. ഈ കേന്ദ്രങ്ങൾ കൂട്ടുകാരുടെ പല ചോദ്യങ്ങൾക്കും ഉത്തരം തരും. പുസ്തകങ്ങളിൽ പഠിച്ചത് കണ്ടും അനുഭവിച്ചും അറിയാൻ അവസരം ഒരുക്കും.**

# കണ്ടറിയാം പാഠങ്ങൾ

**തയാറാക്കിയത്: റുബീസ അക്ബർ**

## കുസാറ്റ് സി -സിസ്, കൊച്ചി

ഒറ്റ യാത്രയിൽ ഗണിതവും ഭൗതികശാസ്ത്രവും രസതന്ത്രവും ഒപ്പം കളികളും വേണമെന്നുണ്ടോ? പോംവഴിയുണ്ട്, സി-സിസ് (C-SIS). ലൈബ്രറി, കംപ്യൂട്ടർ ലാബ്, സയൻസ് ലാബ്, ടോയ് ലാബ്,സയൻസ് പാർക്ക് എന്നിങ്ങനെ വിപുലമായ സജ്ജീകരണങ്ങളാണ് ഇവിടെയുള്ളത്.



കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിയുടെ (കുസാറ്റ്) സംരംഭമാണ് സി-സിസ് അഥവാ സെന്റർ ഫോർ സയൻസ് ഇൻ സൊസൈറ്റി. പാഠപുസ്തകങ്ങളിൽ വായിച്ചതും കണ്ടതുമായ ലോകം നേരിട്ടനുഭവിക്കാനുള്ള അവസരം ഇവിടെയുണ്ട്. ക്വിസ്, സെമിനാർ, ശിൽപശാലകൾ എന്നിവയ്ക്കു പുറമേ സമ്മർ ക്യാംപുകളും ഏകദിന ക്യാംപുകളും ഇവിടെ ഒരുക്കുന്നുണ്ട്. കുട്ടികൾക്കു ശാസ്ത്രഗവേഷണ സ്ഥാപനങ്ങൾ സന്ദർശിക്കാനുള്ള സാഹചര്യവും ഒരുക്കും.

തൃക്കാക്കരയിൽ കുസാറ്റ്
ക്യാംപസിനകത്താണ് സി-സിസ്.
പ്രവേശനം രാവിലെ
9 മുതൽ 3.30 വരെ
ഫോൺ: 0484 2575039

## മാജിക് പ്ലാനറ്റ്, തിരുവനന്തപുരം

ഒരു പകൽ മുഴുവൻ കണ്ടാലും തീരാത്ത വിസ്മയങ്ങളുടെ മാന്ത്രിക ലോകം. ലോകത്തിലെ ഏക മാജിക് തീം പാർക്ക്.

പ്രശസ്ത മാന്ത്രികൻ ഗോപിനാഥ് മുതുകാടിന്റെ നേതൃത്വത്തിൽ തിരുവനന്തപുരം കഴക്കൂട്ടം കിൻഫ്ര ഫിലിം ആൻഡ് വിഡിയോ അപ്പാരൽ പാർക്കിൽ പ്രവർത്തിക്കുന്നു.

ഗണിതം, ശാസ്ത്രം, സാഹിത്യം എന്നിവയിലടങ്ങിയിരിക്കുന്ന മാന്ത്രികത നേരിട്ട് അനുഭവിച്ചറിയാനും അവയെ ഇഷ്ടവിഷയമാക്കാനും പഠിക്കാനും അവസരമൊരുക്കുന്നു.

ബിസി 5000 മുതലുള്ള ഇന്ദ്രജാലത്തിന്റെ നാൾവഴികൾ പ്രദർശിപ്പിച്ചിട്ടുള്ള ഹിസ്റ്ററി മ്യൂസിയം.

ടെംപസ്റ്റ് എന്ന പേരിലുള്ള ഇന്ത്യയിലെ ആദ്യ ഷേക്സ്പീരിയൻ തിയറ്റർ-

ക്ലോസപ് തിയറ്റർ, അന്ധവിശ്വാസങ്ങൾക്കെതിരെയുള്ള ബ്ലാക്ക് ആൻഡ് വൈറ്റ് മാജിക്, സ്റ്റാർട് അപ് മാജിക്, സർക്കസ് കാസിൽ എന്നിവ ഇവിടെയുണ്ട്.

സയൻസ് കോർണർ- ഇതിൽ തെരുവു ജാലവിദ്യാ കോർണർ, 3ഡി മാജിക് സിനിമകളുടെ പ്രദർശനം, ഇല്യൂഷൻ ഷോകൾ, ക്ലോസപ്പ് ജാലവിദ്യകൾ, ഷാഡോ പ്ലേ, വോക്ക് എറൗണ്ട് മാജിക്, സൈക്കോ മാജിക്, വെർച്വൽ സൂപ്പർ മാർക്കറ്റ് എന്നിങ്ങനെ വ്യത്യസ്ത വിഭവങ്ങൾ

ഒരേസമയം മുന്നൂറു പേർക്കു പ്രവേശിക്കാവുന്ന തരത്തിൽ സജ്ജീകരിച്ചിട്ടുള്ള ഓഡിറ്റോറിയത്തിൽ ഇല്യൂഷൻ ജാലവിദ്യകൾ. ചിൽഡ്രൻസ് പാർക്ക്, മാജിക് ഷോർട്ട് ഫിലിം പ്രദർശനം തുടങ്ങിയവയും ആസ്വദിക്കാം.

പ്രവേശന ഫീസ്: 270 രൂപ മുതൽ
പ്രവർത്തന സമയം:
രാവിലെ 10 മുതൽ അഞ്ചുവരെ
ഫോൺനമ്പർ-9447014800